**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 476** **28-01-2026-ൽ മറുപടിയ്ക്ക്**

**<u>കൊണ്ടോട്ടി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. വി. ഇബ്രാഹിം ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** കൊണ്ടോട്ടി മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഓരോ പ്രവൃത്തിക്കും നാളിതുവരെ ഭരണാനുമതി ലഭിച്ച തുക എത്രയാണെന്നും അതിൽ എത്ര തുക ചെലവഴിച്ചെന്നും പദ്ധതി തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ധനാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളും അനുവദിച്ച തുകയുൾപ്പടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**(ബി)** മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനായി കിഫ്ബി ഫണ്ട് അനുവദിക്കുന്നതിന് പദ്ധതിയിട്ടിരുന്നോ; എങ്കിൽ കൊണ്ടോട്ടി മത്സ്യ മാർക്കറ്റ് വികസനം ഇതിൽ ഉൾപ്പെട്ടിരുന്നോയെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** 2018-19 ബജറ്റ് പ്രസംഗത്തിൽ തീരദേശ മേഖലകളിൽ കിഫ്ബിയിൽ നിന്ന് 900 കോടി രൂപയുടെ നിക്ഷേപം നടത്തും എന്ന് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ 29/06/2018 ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 535/2018/മ.തു.വ പ്രകാരം സംസ്ഥാനത്തെ 65 മത്സ്യമാർക്കറ്റുകൾ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കാൻ 193.46 കോടി രൂപയുടെ പദ്ധതിക്കു അംഗീകാരം നൽകിയിരുന്നു. ഇതിൽ കൊണ്ടോട്ടി മത്സ്യ മാർക്കറ്റ് വികസനം ഉൾപ്പെട്ടിരുന്നു (sl no.54). എന്നാൽ നാളിതുവരെ പദ്ധതിയുമായി ബന്ധപ്പെട്ട റിപ്പോർട്ടുകളൊന്നും കിഫ്ബിയിൽ പദ്ധതി നിർവ്വഹണ ഏജൻസി ആയ തീരദേശ വികസന കോർപറേഷൻ സമർപ്പിച്ചിട്ടില്ല.

**(സി)** മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിന് പുതുതായി ഫണ്ട് അനുവദിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിന് പുതുതായി ഫണ്ട് അനുവദിക്കുന്നത് തത്കാലം കിഫ്ബിയുടെ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**